## യൂണിറ്റ് 6: ഉപയോക്തൃതാൾ

എല്ലാ ഉപയോക്താക്കൾക്കും ഒരു ഉപയോക്തൃതാൾ ( User Page ) ഉണ്ടായിരിക്കും. ഉപയോക്താവിനെ തിരിച്ചറിയുന്നതിന് ഇതിൽ വിവരണങ്ങൾ ചേർക്കാം.




Login ചെയ്താൽ, മുകൾഭാഗത്തായിക്കാണുന്ന User Name ൽ ക്ലിക്ക് ചെയ്യുമ്പോൾ user Page തുറന്നുവരും. ഇതിൽ യൂസറിനെക്കുറിച്ചുള്ള വിവരങ്ങൾ ചേർത്ത് സേവ് ചെയ്യണം. സ്കൂൾകോഡ് User Name ആയിട്ടുള്ളവർ സ്കൂളിന്റെ Land Phone നമ്പർ ഉണ്ടെങ്കിൽ അത് യൂസർ പേരിൽ ചേർക്കണം. വ്കൂൾവിക്കി ചുമതലയുള്ളവരുടെ വിവരങ്ങൾ ചേർത്താലും മതി. ഒന്നിൽക്കൂടുതൽപ്പേർ ചേർന്നാണ് സ്കൂൾവിക്കി പരിപാലിക്കുന്നത് എങ്കിൽ അവരുടെയെല്ലാം വിവരങ്ങളും ചേർക്കാം.

സ്കൂൾകോഡല്ലാത്ത മറ്റ് ഉപയോക്തൃനാമമുള്ള ഉപയോക്താക്കൾ നിർബന്ധമായും ഇത്തരം വിവരങ്ങൾ ചേർക്കണം. ഫോൺനമ്പർ നിർബന്ധമല്ല. വിക്കിതാളുകളിൽ നശീകരണം നടക്കുന്നില്ല എന്നുറപ്പുവരുത്തുന്നതിനുള്ള ഒരുപാധിയാണിത്. സംശയകരമായ സാഹചര്യങ്ങളുണ്ടായാൽ അത്തരം ഉപയോക്താക്കളെ ബന്ധപ്പെടുന്നതിനുവേണ്ടിയാണിത്. ഇങ്ങനെ തിരിച്ചറിയൽ വിവരങ്ങളില്ലാതെവരികയും സംശയകരമായ തരത്തിൽ മറ്റുള്ള താളുകളിൽ ഇടപെടൽ നടത്തുകയും ചെയ്താൽ അത്തരം ഉപയോക്താക്കളെ തടയാനിടയുണ്ട് എന്നതും കൂടി ശ്രദ്ധിക്കുക.

ഉപയോക്താക്കൾക്ക് വേണമെങ്കിൽ Infobox ൽ ചിത്രം ഉൾപ്പെടെ ചേർത്ത് വിവരങ്ങൾ നൽകാം. മാതൃകാപേജുകളും ഇൻഫോബോക്സിനാവശ്യമായ കോഡും ഉൾപ്പെടെയുള്ള **കൂടുതൽ വിവരങ്ങൾ ഇവിടെക്കാണാം**

---







